**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** | **27-06-2022 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ, ഒപ്റ്റിക്കൽ ഇമേജ് പ്രോസസ്സിംഗ്, ഇ-ഗവേണൻസ് ഇംപ്ലിമെന്റേഷൻ, ഡിജിറ്റലൈസേഷൻ, ടെക്നോളജി എക്സ്റ്റൻഷൻ, ഇൻഫർമാറ്റിക്സ്, വെബ് സർവീസസ്, കമ്മ്യൂണിക്കേഷൻ കോഴ്സ് എന്നീ വിഭാഗങ്ങൾ കായംകുളം, എറണാകുളം, കണ്ണൂർ പ്രാദേശിക കേന്ദ്രങ്ങളിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ നടത്തിയ പ്രോജക്ടുകളുടെ വരവ്-ചെലവ് കണക്ക് അറിയിക്കുമോ; | (എ) | 2016-2021 കാലഘട്ടത്തിൽ സി-ഡിറ്റിലെ ഡിജിറ്റലൈസേഷൻ, വീഡിയോ കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റുകൾ മാത്രമാണ് പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുള്ളത്. ഡിജിറ്റലൈസേഷൻ ഡിപ്പാർട്ട്മെന്റ് സബ് രജിസ്ട്രാർ ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സ്കാനിംഗ് വർക്ക് 29.01.2021 മുതൽ 31.03.2021 വരെ എറണാകുളം റീജിയണൽ സെന്ററിൽ നടത്തിയിരുന്നു. 29.01.2021 മുതൽ 31.03.2021 വരെ സ്കാനിംഗ് വർക്കിനായി ലഭിച്ച വരുമാനം 13,08,040/- രൂപയായിരുന്നു. പ്രസ്തുത വർക്കിന് 4,94,798/- രൂപ ഡിജിറ്റലൈസേഷൻ ഡിപ്പാർട്ടുമെന്റിനു ചെലവാകുകയും നീക്കിയിരിപ്പ് തുക 8,05,242/- രൂപയുമായിരുന്നു. വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷനു ലഭ്യമായിട്ടുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭാഗിക പ്രവർത്തനങ്ങൾ റീജിയണൽ സെന്ററുകളിൽ ലഭ്യമായ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി ചെയ്യാറുണ്ട്. എന്നാൽ ഇത്തരം ഭാഗിക പ്രവർത്തനങ്ങളുടെ കണക്ക് പ്രസ്തുത പ്രോജക്ടിന്റെ മൊത്തത്തിലുള്ള കണക്കിൽ ചേർക്കുകയാണ് ചെയ്യുന്നത്.<br><br>സി-ഡിറ്റിലെ മറ്റു ഡിവിഷനുകൾ ഒന്നും തന്നെ പ്രസ്തുത കാലയളവിൽ (2016-2021) കായംകുളം, കണ്ണൂർ, എറണാകുളം പ്രദേശിക കേന്ദ്രങ്ങൾ വഴി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | സി-ഡിറ്റിൽ 2016 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ തുടർച്ചയായി നഷ്ടം വരുത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണ്; പ്രവർത്തന നഷ്ടം വരുത്തുന്ന വിഭാഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ച് സമയ ബന്ധിതമായി നടപ്പിലാക്കാൻ സി-ഡിറ്റിനോട് ആവശ്യപ്പെട്ടുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |

<table>
<tr><td>(സി)</td><td>പ്ലാൻ ഫണ്ടായി സി-ഡിറ്റിന് 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും എത്ര തുക ലഭിച്ചിട്ടുണ്ട്;</td><td>(സി)</td><td>സി-ഡിറ്റിന് പ്ലാൻ ഫണ്ടായി 2016-17 മുതൽ 2020-21 വരെ ലഭിച്ച തുക ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>Year</td><td>Budget provision( lakhs)</td><td>Amount Released(lakhs )</td></tr>
<tr><td>2016 - 17</td><td>165</td><td>165</td></tr>
<tr><td>2017 - 18</td><td>500</td><td>636</td></tr>
<tr><td>2018 - 19</td><td>600</td><td>600</td></tr>
<tr><td>2019 - 20</td><td>600</td><td>Nil</td></tr>
<tr><td>2020 - 21</td><td>600</td><td>643.38</td></tr>
</table></td></tr>
<tr><td>(ഡി)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ സി-ഡിറ്റിൽ പത്തു ലക്ഷം രൂപയ്ക്ക് മുകളിലുള്ള എത്ര പർച്ചേസ്/വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;</td><td>(ഡി)</td><td>ഡി & ഇ) ക ഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ടെണ്ടർ നടപടിക്രമങ്ങളിലൂടെയല്ലാതെ സി-ഡിറ്റിൽ പത്ത് ലക്ഷം രൂപയ്ക്ക് മുകളിൽ നൽകിയ വർക്ക് ഓർഡറുകളുടെ വിശദാംശങ്ങളും അവ നൽകാനിടയായ സാഹചര്യവും അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ഇ)</td><td>ഈവിധം ക്രമവിരുദ്ധ പർച്ചേസ് നടത്തിയവർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?</td><td>(ഇ)</td><td>ഡി & ഇ)ക ഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ടെണ്ടർ നടപടിക്രമങ്ങളിലൂടെയല്ലാതെ സി-ഡിറ്റിൽ പത്ത് ലക്ഷം രൂപയ്ക്ക് മുകളിൽ നൽകിയ വർക്ക് ഓർഡറുകളുടെ വിശദാംശങ്ങളും അവ നൽകാനിടയായ സാഹചര്യവും അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഓർഡർ നമ്പരും തീയതിയും | വർക്ക് ഓർഡർ നൽകിയ സ്ഥാപനം | ഓർഡർ തുക | വർക്ക് ഓർഡർ നൽകാനുണ്ടായ സാഹചര്യം |
|---|---|---|---|---|
| 1. | 019A/2018-19 dated 29.06.2018 | M/S. Uralungal Labour Contract Co-operative Society Ltd.(ULCC) | Rs.1,45,00,000/- | സ.ഉ(അച്ചടി) നം. 95/2017/ധന തീയതി 25.07.2017 പ്രകാരം ULCC ഒരു accredited agency ആയതിനാലാണ് പ്രസ്തുത വർക്ക് ഓഡർ ടെണ്ടർ കൂടാതെ ULCC യ്ക്ക് നൽകിയത്. |
| 2. | 139/201 7-18 dated 21.02.2018 | M/S Ospyn Technologies Pvt Ltd. | Rs.35,40,000/- | ഡിഡിഎഫ്എസ് പ്രൊപ്രൈറ്ററി പ്രോഡക്ട് ആയതിനാൽ ഇവയുടെ customisation ബന്ധപ്പെട്ട Original Equipment Manufacturer (OEM) ന് മാത്രമേ സാധിക്കുകയുള്ളൂ. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ DDFS ന്റെ OEM ആയ M/s Ospyn technologies - ന് നേരിട്ട് വർക്ക് ഓഡർ നൽകുകയാണ് ഉണ്ടായത്. |
| 3. | 200/2018-19 dated 12.03.2019 | M/s Ospyn Technologies Pvt Ltd. | Rs.25,01,600/- | ഡിഡിഎഫ്എസ് പ്രൊപ്രൈറ്ററി സോഫ്റ്റ്വെയർ ആയതിനാൽ, സി-ഡിറ്റിന്റെ ക്ലയന്റ് ആയ കിഫ്ബി ഡിഡിഎഫ്എസ് സോഫ്റ്റ്വെയർ വേണമെന്ന് ആവശ്യപ്പെട്ട പ്രകാരം വർക്ക് ഓർഡർ സിംഗിൾ പ്രൈസ് ബിഡ് വഴി M/s Ospyn Technologies Pvt Ltd ന് നേരിട്ട് നല്കുകയായിരുന്നു. |

| | | | | |
|---|---|---|---|---|
| 4. | 091/2018-19 dated 05.09.2018 | M/s Ospyn Technologies Pvt Ltd. | Rs.17,25,000/- | ഡിഡിഎഫ്എസ് പ്രൊപ്രൈറ്ററി പ്രോഡക്ട് ആയതിനാൽ ഇവയുടെ customisation ബന്ധപ്പെട്ട OEM ന് മാത്രമേ സാധിക്കുകയുള്ളൂ. ആയതിനാൽ DDFS OEM ആയ M/s Ospyn technologies - ന് നേരിട്ട് വർക്ക് ഓഡർ നൽകുകയാണ് ഉണ്ടായത്. |
| 5. | 138/ 18-19 dated 27. 11.2018 | M/S Orysis India consultancy services | Rs.1,05,13,800/ - | പൊതുവായിട്ടുള്ള പത്രപരസ്യം നൽകി താല്പര്യ പത്രം ക്ഷണിച്ച് സാങ്കേതികമായി qualify ചെയ്ത ഏജൻസികളിൽ നിന്നും, കേരള |

| | | | | |
|---|---|---|---|---|
| | | | | സ്റ്റേറ്റ് ഐ.ടി മിഷൻ പുറപ്പെടുവിച്ച pre-qualification നിബന്ധന പ്രകാരം യോഗ്യത നേടിയ OrysisIndia Consultancy Services ഉം സിഡിറ്റും സംയുക്തമായി ടെണ്ടറിൽ പങ്കെടുക്കുകയും ഏജൻസിയിൽ നിന്നും നേരിട്ട് പ്രൈസ് ബിഡ് സ്വീകരിക്കുകയും ചെയ്തു. |
| 6. | 136/2018-19 dated 27.11.2018 | M/s Ospyn Technologies Pvt Ltd. | Rs.19,64,700/- | പൊതുവായിട്ടുള്ള പത്രപരസ്യം നൽകി താല്പര്യ പത്രം ക്ഷണിച്ച് സാങ്കേതികമായി qualify ചെയ്ത സി-ഡിറ്റിന്റെ Technology |

| | | | | |
|---|---|---|---|---|
| | | | | Partners/ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെൻഡർ നടപടി സ്വീകരിച്ചു. |
| 7. | 155/2017-18 dated 28.03.2018 | M/s. Nibodha Technologies Pvt Ltd. | Rs.17,70,000/- | പൊതുവായിട്ടുള്ള പത്രപരസ്യം നൽകി താല്പര്യ പത്രം ക്ഷണിച്ച് സാങ്കേതികമായി qualify ചെയ്ത സി-ഡിറ്റിന്റെ Technology Partner/ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെൻഡർ നടപടി സ്വീകരിച്ചു. |
| 8. | 007/2019-20 dated 24.04.2019 | M/s. Ospyn Technologies Pvt Ltd. | Rs.30,16,000/- | പൊതുവായിട്ടുള്ള പത്രപരസ്യം നൽകി താല്പര്യ പത്രം ക്ഷണിച്ച് സാങ്കേതികമായി qualify ചെയ്ത ഏജൻസിക്ക് Proprietory software |

| | | | | |
|---|---|---|---|---|
| | | | | ആയ DDFS ഉപയോഗിച്ച് കസ്റ്റമൈസേഷന് വേണ്ടി സിംഗിൾ പ്രൈസ് ബിഡ് വഴി നേരിട്ട് നൽകുകയായിരുന്നു. |
| 9. | 009/2018-19 dated 27.04.2018 | M/s VST Travel Solutions Pvt Ltd. | Rs.17,68,820/- | പൊതുവായിട്ടുള്ള പത്രപരസ്യം നൽകി താല്പര്യ പത്രം ക്ഷണിച്ച് സാങ്കേതികമായി qualify ചെയ്ത ഏജൻസിക്ക് പ്രൊപ്രൈറ്ററി പ്രോഡക്ട് ആയതിനാൽ സിംഗിൾ പ്രൈസ് ബിഡ് വഴി നേരിട്ട് നൽകുകയായിരുന്നു. |
| 10. | 116/2018-19 dated 12.10.2018 | M/s Saasvaap Techies Pvt Ltd. | Rs.10,62,500/- | പൊതുവായിട്ടുള്ള പത്രപരസ്യം നൽകി താല്പര്യ പത്രം ക്ഷണിച്ച് സാങ്കേതികമായി qualify ചെയ്ത ഏജൻസിക്ക് KSFE പ്രോജക്ടിന്റെ അടിയന്തിരാവശ്യം പരിഗണിച്ച് സിംഗിൾ പ്രൈസ് ബിഡ് വഴി |

| | | | | |
|---|---|---|---|---|
| | | | | നേരിട്ട് നൽകുകയായിരുന്നു. |
| 11. | 183/18- 19 dated 15.02.2019 | M/s Thought Ripples Technologies Pvt Ltd. | Rs.16,50,000/- | Startups-M/s Thought Ripples ഒരു സ്റ്റാർട്ടപ്പ് സ്ഥാപനമായതിനാൽ 17.09.2018 ലെ സ.ഉ(അച്ചടി) നം. 36/2018/ISPD ലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത സ്ഥാപനത്തിന് വർക്ക് ഓഡർ നൽകിയത്. |
| 12. | 209/18-19 dated 28.03.2019 | M/s Thought Ripples Technologies Pvt Ltd. | Rs.19,00,000/- | M/s Thought Ripples ഒരു സ്റ്റാർട്ടപ്പ് സ്ഥാപനമായതിനാൽ 17.09.2018 ലെ സ.ഉ(അച്ചടി) നം. 36/2018/ISPD ലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത സ്ഥാപനത്തിന് വർക്ക് ഓഡർ |

| | | | | |
|---|---|---|---|---|
| | | | | നൽകിയത്. |

അക്കാദമിക് സ്ഥാപനങ്ങൾ, സാങ്കേതികവിദ്യാദാതാക്കൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് നൂതനമേഖലകളിൽ സ്ഥാപനശേഷികൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സി-ഡിറ്റ്, വിവിധ സ്റ്റാർട്ടപ്പുകളുമായും പരിചയസമ്പന്നരായ ഐ.ടി. കമ്പനികളുമായും പങ്കാളിത്ത ബന്ധങ്ങൾ സ്ഥാപിക്കുകയും നിരവധി പ്രൊജക്ടുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി പ്രത്യേക മേഖലകളിൽ വൈദഗ്ധ്യമുള്ള കമ്പനികളെ EoI/ഇ-ടെൻഡർ വഴി സാങ്കേതിക പങ്കാളികളായി എംപാനൽ ചെയ്തിരുന്നു. ഇപ്രകാരമാണ് മേൽപ്പറഞ്ഞിട്ടുള്ള Sl.No.3,5,6,7,8,9&10വരെയുള്ള വർക്കുകൾ ബന്ധപ്പെട്ട കമ്പനികൾക്ക് ലിമിറ്റഡ് ടെൻഡർ വഴിയോ നേരിട്ടോ നൽകിയിട്ടുള്ളത്.